**D 131169** **(Pages : 3)** **Name..........................................**

**Reg. No.....................................**

# FIRST SEMESTER M.A. DEGREE REGULAR/SUPPLEMENTARY EXAMINATION, NOVEMBER 2025

(CBCSS)

Malayalam

MAL1C01—ANCIENT-MEDIEVAL POETRY

(പ്രാചീന മദ്ധ്യകാല കവിത)

(2019 Admission onwards)

Time : Three Hours Maximum Weightage : 30

I. രണ്ടു പുറത്തിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (വെയിറ്റേജ് 2 വീതം)

1 "വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ ;
കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കുമ്പോലെ ഗർദ്ദഭം"
–സ്വാരസ്യം വിശദമാക്കുക.

2 "നൂറ്റവർ തമ്പുരാനും
അടിയന്ന് തമ്പുരാന്
പാണ്ഡവരൈമക്കളും
അടിയന് തമ്പുരാന് "
–ആരുടെ നിസ്സഹായതയാണ് ഈ വരികളിൽ കാണുന്നത് ?

3 "പിന്നെച്ചെമ്മേ പുതിയ പൊഴിയും തോഴ ! പൂക്കൈതയും നീ
പിന്നിട്ടമ്പിൽ തൊഴുക വഴിമേൽ പന്മനത്തമ്പിരാനെ
ചിന്നച്ചാർത്തിൻ കുരലിൽ മുരളും കാളവും കൊമ്പുമെല്ലാം
മന്നിൽപ്പൊങ്ങും പടയോടു കടന്നീടു കന്റേറ്റി തന്നെ"
–സ്ഥലസൂചനകൾ മുൻനിർത്തി വ്യാഖ്യാനിക്കുക.

Turn over

702744



4 “മനസ്സിലുറപ്പോടവൾ പരക്കും ജനം നടുവിൽ
മനുഷ്യപ്പുഴുവിനെയോ വരിച്ചുപോൽ ?
മിനക്കെട്ടങ്ങുമിങ്ങും നടക്ക മാത്രമിഹ
നിനയ്ക്കിൽ നിങ്ങൾക്കൊരു ലാഭമായ്”
—ഇങ്ങനെ പറയേണ്ടിവന്ന സാഹചര്യമെന്ത് ?

5 “ചത്തു പോയ മൃഗം ശ്വാക്കളെത്തിയങ്ങു പറിക്കുമ്പോൾ
കത്തിനിന്റെ പുണ്ണിലും പുണ്ണാക്കിയോ പുത്ര!”
—സന്ദർഭവും ആശയവും വിശദീകരിക്കുക.

6 “മന്നവനേ കുലനാരിയർ തൻ മയ്യൽ പുണർത്തതു കൺപുനലാൽ
മന്നിൽ നിരന്തരം നിന്തൊഴിലാൽ വൻപെഴ വീഴ്ന്തതു കാരണമായ്
നിന്നുയിർ പോയതു നാനിങ്ങനെ നീലനെടുങ്കൺ മടന്തയർ ചൂഴ്
ന്തെന്നയനങ്കളിൽ വാരിതൽ പായ്ന്തിപ്പടിയാവിതു വാഴ്വിനിയേ”
—ആശയം വിശദമാക്കുക.

7 “വെള്ളമെന്നിങ്ങനെ ചൊല്ലിത്തുടങ്ങുമ്പോൾ
തുള്ളിത്തുടങ്ങി വിറച്ചെല്ലാരും
തിക്കും തന്നുള്ളിലേ തോന്നിത്തുടങ്ങീതേ
തീക്കായ വേണമെനിക്കുമെന്ന്”
—ഈ വരികൾക്ക് ആസ്വാദനം എഴുതുക.

(4 × 2 = 8 weightage)

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് 3 വീതം)

8 അല്ലിമലർകാവിൽ കൂത്തു കാണാൻ പോകുന്ന ആർച്ചയുടെ തയ്യാറെടുപ്പുകൾ വടക്കൻ പാട്ടിൽ വിവരിക്കുന്നതെങ്ങനെ ?

9 മാപ്പിളപ്പാട്ടിന്റെ നാടോടി സ്വഭാവങ്ങൾ ബദറുൽ മുനീറിനെ മുൻനിർത്തി വിവരിക്കുക.

10 കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ സാംസ്കാരിക-രാഷ്ട്രീയ തലങ്ങൾ വിശദീകരിക്കുക.

11 രാമായണം ചമ്പുവിന്റെ ഭാഷാപരമായ സവിശേഷതകൾ ഉദ്യാനപ്രവേശത്തെ ആസ്പദമാക്കി വിവരിക്കുക.

12 മലയാളത്തിന്റെ ശാകുന്തളമാണ് നളചരിതം ആട്ടക്കഥ—പരിശോധിക്കുക.

702744

702744



13 പാട്ടിന്റെ ലക്ഷണം വ്യക്തമാക്കി പാഠഭാഗത്തുനിന്ന് ഉദാഹരണങ്ങൾ നല്കുക.

14 പച്ചമലയാള പ്രസ്ഥാനത്തിന്റെ പ്രത്യേകതകളെന്ത് ?

(4 × 3 = 12 weightage)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തമെഴുതുക. (വെയിറ്റേജ് 5 വീതം)

15 മാർഗ്ഗ-ദേശ വർണ്ണനകളിലെ സൂക്ഷ്മത, പ്രകൃതി ചിത്രണത്തിലെ വൈവിദ്ധ്യം, എന്നിവ സന്ദേശ കാവ്യ രചനയുടെ പ്രത്യേകതകളാണ്–ഉണ്ണുനീലി സന്ദേശത്തെ ആധാരമാക്കി ചർച്ച ചെയ്യുക.

16 വടക്കൻ പാട്ട്, തെക്കൻ പാട്ട്, ഇടനാടൻ പാട്ട് എന്നീ പാട്ടുവിഭാഗങ്ങളുടെ ഭാഷാപരവും ഇതിവൃത്ത പരവുമായ പ്രത്യേകതകൾ വിവരിക്കുക.

17 ഉണ്ണിയാടീ ചരിതം, ഭാഷാരാമായണം ചമ്പു എന്നിവയെ ആധാരമാക്കി പ്രാചീന മധ്യകാല ചമ്പുക്കളെ താരതമ്യം ചെയ്യുക.

18 കിളിപ്പാട്ട് നല്ലൊരു വിവർത്തന മാതൃക ഭാഷയിൽ സൃഷ്ടിച്ചു—എഴുത്തച്ഛൻ കൃതികളെ ആധാരമാക്കി വിവരിക്കുക.

(2 × 5 = 10 weightage)

702744